# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6320 11/07/2012 ൽ മറുപടിക്ക്

## പി.എസ്.സി. സർവ്വീസ് വെരിഫിക്കേഷൻ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. സി. മമ്മുട്ടി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ നിയമനങ്ങളിൽ ജീവനക്കാരുടെ സർവ്വീസ് വെരിഫിക്കേഷൻ നടത്തുവാൻ പി.എസ്.സി. എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) 14.12.2010ലെ മുതൽ 31.08.2011 വരെയുള്ള കാലയളവിൽ പി.എസ്.സി. നിയമന ശിപാർശ പ്രകാരം ജോലിയിൽ പ്രവേശിച്ചിരുന്ന ഉദ്യോഗസ്ഥരുടെ വെരിഫിക്കേഷൻ നടത്തുവാൻ കമ്മീഷൻ തീരുമാനിക്കുകയും ഇത് സമയബന്ധിതമായി ചെയ്തുതീർക്കുന്നതിനുവേണ്ടി ആസ്ഥാന, ജില്ലാ, മേഖലാ ഓഫീസുകളിൽ പ്രസ്തുത ആവശ്യത്തിനായി പ്രത്യേക ക്രമീകരണങ്ങൾ നടത്തി നിയമനാധികാരികളോട് പ്രസ്തുത കാലയളവിൽ ജോലിയിൽ പ്രവേശിച്ചവരുടെ സർവ്വീസ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ന്യൂനതയില്ലാത്ത സർവ്വീസ് രേഖകൾ ലഭ്യമാക്കിയ ഉദ്യോഗസ്ഥരുടെ വെരിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ന്യൂനതയില്ലാത്ത സർവ്വീസ് രേഖകൾ ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ അപ്പോൾതന്നെ വെരിഫൈ ചെയ്ത പി.എസ്.സി. സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. |
| (ബി) ഇത്തരത്തിൽ സർവ്വീസ് വെരിഫിക്കേഷൻ നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) നിയമനാധികാരികൾ രേഖകൾ ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസവും, ന്യൂനതയുള്ള രേഖകൾ ഹാജരാക്കുന്നതിനാലും പ്രസ്തുത പ്രക്രിയയിൽ കാലതാമസം ഉണ്ടാകാറുണ്ട്. ആയത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നിയമനാധികാരികൾക്ക് നൽകിയിട്ടുണ്ട്. |
| (സി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസികളിൽ നിയമനം ലഭിച്ചവർക്ക്, അന്തർജില്ല, അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന് അപേ | (സി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിച്ചവർക്ക്, അന്തർ ജില്ല/ അന്തർവകുപ്പ് സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ സർവ്വീസ് റെഗുലറൈ |

ക്ഷിക്കാൻ സർവ്വീസ് റെഗുലറൈസേഷൻ ആവശ്യമാണോ; വിശദമാക്കുമോ ;

സേഷൻ ആവശ്യമാണ്.

(ഡി) കാസർഗോഡ് ജില്ലാ പി.എസ്.സി. ആഫീസുകൾ ഉൾപ്പെടെ സംസ്ഥാനത്ത് നാളിതുവരെ പി.എസ്.സി. ആഫീസുകളിൽ സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ;

(ഡി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആഫീസ് | വെരിഫിക്കേഷന് ഹാജരായവരുടെ എണ്ണം |
|---|---|
| ആസ്ഥാനം, തിരുവനന്തപുരം | 328 |
| റീജിയണൽ ഓഫീസ്, കൊല്ലം | 40 |
| റീജിയണൽ ഓഫീസ്, എറണാകുളം | 3 |
| റീജിയണൽ ഓഫീസ്, കോഴിക്കോട് | 85 |
| ജില്ലാ ഓഫീസ്, തിരുവനന്തപുരം | 71 |
| ജില്ലാ ഓഫീസ്, കൊല്ലം | 45 |
| ജില്ലാ ഓഫീസ്, പത്തനംതിട്ട | 49 |
| ജില്ലാ ഓഫീസ്, ആലപ്പുഴ | 87 |
| ജില്ലാ ഓഫീസ്, കോട്ടയം | 162 |
| ജില്ലാ ഓഫീസ്, ഇടുക്കി | 114 |
| ജില്ലാ ഓഫീസ്, എറണാകുളം | 143 |
| ജില്ലാ ഓഫീസ്, തൃശ്ശൂർ | 155 |
| ജില്ലാ ഓഫീസ്, പാലക്കാട് | 102 |
| ജില്ലാ ഓഫീസ്, മലപ്പുറം | 508 |
| ജില്ലാ ഓഫീസ്, കോഴിക്കോട് | 95 |
| ജില്ലാ ഓഫീസ്, വയനാട് | 230 |
| ജില്ലാ ഓഫീസ്, കണ്ണൂർ | 219 |
| ജില്ലാ ഓഫീസ്, കാസറഗോഡ് | 127 |

**സെക്ഷൻ ഓഫീസർ**